DESPATCHED
On 22/11/21

22/11/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

Email: sic.ker@nic.in

ഹർജി നമ്പർ **CP 422(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.10041/SIC-Gen4/2021**

**സന്നിഹിതൻ**

**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 നവംബർ 22**

ശ്രീമതി. ശോഭാലക്ഷ്മി എസ്.,
ടി.സി.20/2876,ശങ്കരമഠം ലൈൻ,
കൃപ, കരമന പി.ഒ.,
തിരുവനന്തപുരം. } പരാതി ഹർജിക്കാരി

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
പൊതുമരാമത്ത് വകുപ്പ്,
കെട്ടിട വിഭാഗം സെക്ഷൻ,
നെയ്യാറ്റിൻകര, തിരുവനന്തപുരം. } എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 2.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 11.8.2021 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 1.9.2021 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 1.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 1.10.2021 |
| ഹിയറിംഗ് (വീഡിയോ/ഓഡിയോ) തീയതി | 16.11.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : പരാതി ഹർജിക്കാരി | ഹാജരായി |
| എസ്.പി.ഐ.ഒ മാർ | ഹാജരായി |

## ഉത്തരവ്

ശ്രീമതി. ശോഭാലക്ഷ്മി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ 2.7.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 18.8.2021ന് മറുപടി ലഭിക്കുകയുണ്ടായി എന്നും എന്നാൽ കൃത്യമായ മറുപടി നൽകാതെ ഹർജിക്കാരിയെ പരിഹസിക്കുന്നവിധമുള്ള മറുപടിയാണ് നൽകിയതെന്നും ആയതിനാൽ കൃത്യമായ മറുപടി നൽകുന്നതിനും എതിർകക്ഷിക്കെതിരെ നടപടി എടുക്കണമെന്നുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, FIR നമ്പർ 1999/2020 പ്രകാരം നേമം പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ ഭാഗമായി കരുമം, അന്തിവിളക്ക് എന്ന സ്ഥലത്ത് 747 സ്ക്വയർ ഫീറ്റിൽ ഭാഗീകമായി പണി കഴിപ്പിച്ച (ലിന്റൽമട്ടം) വീടിന്റെ അതുവരെ ചെയ്ത പണിയുടെ കൃത്യമായ അളവുകൾ പരിശോധിച്ച് ഓരോന്നിന്റെയും വില നിശ്ചയിച്ച് നൽകുവാനായി നേമം ഓഫീസിൽ നേമം പോലീസ് ഒരു കത്ത് നൽകിയിരുന്നു എന്നും ആയതു പ്രകാരം നെയ്യാറ്റിൻകര പി.ഡബ്ല്യു.ഡി കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറും, ഓവർസീയറും മാർച്ച് 1-ാം തീയതി ടി സ്ഥലത്ത് എത്തുകയും മേൽപ്പടി വീടിന്റെ അതുവരെയുള്ള കൃത്യമായ അളവുകൾ രേഖപ്പെടുത്തിയതുമായി ബന്ധപ്പെട്ട പകർപ്പുകൾ നൽകണമെന്നും ടി അളവുകൾ പ്രകാരം വില നിശ്ചയിച്ച് നേമം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് നൽകിയിരുന്നോ എന്നും ഉണ്ടെങ്കിൽ എന്നാണെന്നും, അതിന്റെ ഒരു പകർപ്പ് നൽകണമെന്നും, ടി കെട്ടിട സാമഗ്രികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള 2020 വർഷത്തിലെ വില വിവരപട്ടികയുടെ പകർപ്പ് നൽകണമെന്നുമാണ്. മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി 11.8.2021 തീയതി മറുപടി നൽകിയതായി കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരി നേമം പോലീസ് സ്റ്റേഷനിൽ നൽകിയിട്ടുള്ള എഫ്.ഐ.ആർ നമ്പർ 1999/2020 കേസിൻ പ്രകാരം ടിയാളുടെ നിർമ്മാണത്തിലുള്ള വീടിന്റെ അളവുകൾ രേഖപ്പെടുത്തി തയ്യാറാക്കിയ വിശദമായ വാല്യൂഷൻ അനുബന്ധ പരിശോധനയ്ക്കായി മേലുദ്യോഗസ്ഥനായ നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നതിനാലും ടി പരിശോധനയ്ക്കുശേഷം ആയത് തിരുവനന്തപുരം കെട്ടിട വിഭാഗം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പരിശോധനയ്ക്കും ശേഷം മാത്രമേ ടി റിപ്പോർട്ട് ആവശ്യപ്പെട്ട നേമം പോലീസ് സ്റ്റേഷനിൽ എത്തുകയുള്ളു എന്നതിനാലാണ് ഹർജിക്കാരിയുടെ പരാതിക്ക് മറുപടി നൽകാൻ കഴിയാതിരുന്നത് എന്ന വിവരം ഹർജിക്കാരിയെ അറിയിച്ചിട്ടുള്ളതാണെന്നും ഹർജിക്കാരിയെ അധിക്ഷേപിക്കുന്ന തരത്തിലുള്ള ഒരു മറുപടിയും നൽകിയിട്ടില്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട വിവരം എതിർകക്ഷിയുടെ കൈവശം ഉണ്ടായിരുന്നില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ ടി വിവരം എതിർകക്ഷിക്ക് നിയമാനുസൃതം പ്രാപ്യമാക്കി നൽകാൻ പറ്റുമായിരുന്ന ഒന്നായിരുന്നു എന്ന് കാണുന്നു. എന്നാൽ ആയതിന് പകരം നേമം പോലീസ് സ്റ്റേഷനിൽ ടി റിപ്പോർട്ട്

എത്തുമ്പോൾ പകർപ്പ് അവിടെ നിന്നും ലഭിക്കുമെന്ന് അറിയിച്ചത് ക്രമപ്രകാരമല്ല. ആയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഹർജിക്കാരി ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് പ്രാപ്യമാക്കി ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം ഹർജിക്കാരിക്ക് സൗജന്യമായി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കാൻ എതിർകക്ഷി പ്രത്യേകം ശ്രദ്ധിക്കണമെന്നും ഹർജിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അവസരം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. അപേക്ഷയിലെ 3-ാം ഇനത്തിനുള്ള മറുപടി വെബ് സൈറ്റിൽ ലഭ്യമാണെന്നതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ നൽകുന്നില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 22-ാം തീയതി തീർപ്പാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk